<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5981</u> <u>09-07-2024 - ൽ മറുപടിയ്ക്ക്</u>

<u>അഭിഭാഷക ക്ഷേമനിധി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ക്ഷേമനിധിയിൽ അംഗങ്ങളായ അഭിഭാഷകർ പ്രാക്ടീസ് അവസാനിപ്പിച്ച് പിരിഞ്ഞു പോകുമ്പോൾ എന്ത് സഹായമാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സഹായ തുക വർദ്ധിപ്പിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | കേരള അഭിഭാഷക ക്ഷേമനിധിയിൽ 15 വർഷത്തെ തുടർച്ചയായ അംഗത്വം പൂർത്തിയാക്കി പ്രാക്ടീസ് നിർത്തുമ്പോൾ ക്ഷേമനിധിയിലെ ഒരംഗത്തിന് വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പത്തു ലക്ഷം രൂപ വരെ അനുവദിക്കുന്നതാണ്.<br><br>എന്നാൽ ശാശ്വതമായ കഴിവില്ലായ്മ മൂലം പ്രാക്ടീസ് നിർത്തുന്നതൊഴികെ നിധിയിൽ പതിനഞ്ച് വർഷത്തെ തുടർച്ചയായ അംഗത്വം പൂർത്തിയാക്കുന്നതിനുമുമ്പ് വിരമിക്കൽ ആനുകൂല്യങ്ങൾ തിരഞ്ഞെടുക്കുന്ന ഒരംഗത്തിന് അയാൾ അടച്ച മൊത്തം വരിസംഖ്യയും അതിന്റെ ആറ് ശതമാനം നിരക്കിൽ പലിശയും സഹിതം കൈപ്പറ്റാൻ അർഹതയുണ്ടായിരിക്കുന്നതാണ്,<br><br>എന്നുമാത്രമല്ല അൻപത്തിയഞ്ച് വയസ്സ് പൂർത്തിയാകുന്നതിനുമുമ്പ്, ശാശ്വതമായ കഴിവില്ലായ്മമൂലം പ്രാക്ടീസ് നിർത്തലാക്കൽ തിരഞ്ഞെടുക്കുന്ന ഒരംഗത്തിന് മൊത്തത്തിൽ ഒരു ലക്ഷം രൂപ അല്ലെങ്കിൽ പ്രാക്ടീസ് പൂർത്തീകരിച്ച ഒരോ വർഷത്തിനും 25000/- രൂപ നിരക്കിൽ ഉള്ള തുക ഇതിൽ ഏതാണോ കൂടുതൽ അത് നിധിയിൽ നിന്നും കൈപ്പറ്റാൻ അർഹതയുണ്ടായിരിക്കുന്നതാണ്.<br><br>കേരള അഭിഭാഷക ക്ഷേമനിധിയിൽ 15 വർഷത്തെ തുടർച്ചയായ അംഗത്വം പൂർത്തിയാക്കി പ്രാക്ടീസ് നിർത്തുമ്പോൾ ക്ഷേമനിധിയിലെ ഒരംഗത്തിന് വ്യവസ്ഥകൾക്കു വിധേയമായി അനുവദിക്കുന്ന നിലവിലെ പരമാവധി തുകയായ പത്തു ലക്ഷം രൂപയിൽ നിന്നും വർദ്ധനവ് വരുത്തുന്നതിനുളള ബാർ കൗൺസിലിന്റെ ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | അഭിഭാഷക ക്ഷേമനിധിയിലെ ഫണ്ട് ദുർവിനിയോഗം സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | | 2007-2008 മുതൽ 2016-2017 സാമ്പത്തിക വർഷം വരെ ഉള്ള കാലയളവിൽ നടത്തിയ statutory audit reportപ്രകാരവും 23.05.2019 -ൽ വിരമിച്ച ജില്ലാ ജഡ്ജി കൂടിയായ അന്വേഷണ ഉദ്യോഗസ്ഥൻ ശ്രീ.കെ.എം ബാലചന്ദ്രൻ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് പ്രകാരവും 7,63,24,725.45 രൂപ അക്കൗണ്ടന്റ് ആയിരുന്ന എം.കെ ചന്ദ്രന്റെയും മറ്റുള്ളവരുടെയും പക്കൽ നിന്ന് തിരിച്ച് പിടിക്കേണ്ടതായ തുകയായി കണക്കാക്കുകയും, വെൽഫെയർ ഫണ്ട് ട്രസ്റ്റ് പ്രസ്തുത തുക തിരിച്ച് പിടിക്കുന്നതിനായി എം.കെ ചന്ദ്രനെതിരെ കോടതിയിൽ സിവിൽ കേസ് ഫയൽ ചെയ്യുകയും വെൽഫെയർ ഫണ്ട് ട്രസ്റ്റിന്റെ ഭരണകാര്യങ്ങളിൽ മേൽനോട്ടം നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയ സെക്രട്ടറിയെ പിരിച്ച് വിടുകയും ചെയ്തിട്ടുണ്ട്.<br><br>അഭിഭാഷക ക്ഷേമനിധിയിൽ നിന്നും പണാപഹരണം നടത്തിയതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശപ്രകാരം സി.ബി.ഐ അന്വേഷണം നടത്തുകയും പ്രതികൾക്കെതിരായ കുറ്റപത്രം ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിക്കുകയും കോടതി അത് ഫയലിൽ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ